(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇരുപത്തി നാല് റേഷൻ മൊത്തവ്യാപാര ഡിപ്പോകളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഇവയിൽ ഒരെണ്ണം സഹകരണ മേഖലയിലും ബാക്കിയുള്ള ഇരുപത്തിമൂന്നും സ്വകാര്യ മേഖലയിലുമാണ്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി), (ഇ) പാലക്കാട് ജില്ലയിൽ ജില്ലാ കളക്ടർ അഞ്ച് റേഷൻ മൊത്തവ്യാപാര ഡിപ്പോകളും അനുവദിച്ചുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ കാരണം ആരംഭിച്ചിട്ടില്ല. ഇക്കാര്യം ഹൈക്കോടതി മുമ്പാകെ പരിഗണനയിലുള്ളതിനാൽ ഗവൺമെൻറിന് പരിഗണിക്കാൻ നിർവ്വാഹമില്ല.

റേഷനരിയുടെ വില

* 48. [48] ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1986 സെപ്റ്റംബർ 30 വരെ റേഷനരിയുടെ വില എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ;

(ബി) ഓരോ തവണയും വർദ്ധിപ്പിച്ചത് ഏതു തീയതിമുതൽ എത്ര വീതം ;

(സി) ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് എന്നാണ്—വർദ്ധിപ്പിച്ച വില എത്ര ;

(ഡി) ഇതുമൂലം ആകെ എത്ര സംഖ്യയാണ് വർദ്ധിപ്പിച്ചത് ; എത്ര ശതമാനമാണ് ആകെ വർദ്ധനവുണ്ടായത് ;

(ഇ) വിലകൂടിയ ഇനത്തിൽ മൊത്തം എത്ര രൂപ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഈ വർദ്ധനവിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ജി) 1981-ൽ റേഷൻ കടകളിൽകൂടി വിതരണം ചെയ്ത ഒരുകിലോഗ്രാം അരിയുടെ വില എന്തായിരുന്നു ; 1982 ജനുവരി 1-ന് വില എന്തായിരുന്നു ;

(എച്ച്) വില വർദ്ധനവ് ഒഴിവാക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ എന്തെല്ലാം ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) റേഷൻ അരിയുടെ വില 8 തവണ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) അരിയുടെ വില (ഒരു കിലോഗ്രാമിന്) 1-10-1982 മുതൽ 13 പൈസയും, 13-5-1983 മുതൽ 1 പൈസയും, 16-1-1984 മുതൽ 21

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

പൈസയും, 13-10-1985 മുതൽ 9 പൈസയും, 2-2-1986 മുതൽ 14 പൈസയും, 28-9-1986 മുതൽ 8 പൈസയും വീതം വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് 28-9-1986-ൽ. കോമൺ ഫൈൻ, സൂപ്പർഫൈൻ എന്നീ ഇനങ്ങളിലുള്ള അരിക്ക് കിലോഗ്രാമിന് 2 രൂപ 58 പൈസ, 2 രൂപ 70 പൈസ, 2 രൂപ 85 പൈസ എന്നീ ക്രമത്തിലാണ്.

(ഡി) ഒരു കിലോഗ്രാമിന് 8 പൈസയുടെ വർദ്ധനവുണ്ടായി. കോമൺ ഫൈൻ, സൂപ്പർഫൈൻ എന്നീ ഇനങ്ങളിലുള്ള അരിയുടെ നേരത്തേയുള്ള വിലകളുടെ യഥാക്രമം 3.2 ശതമാനം, 3.05 ശതമാനം, 2.9 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(ഇ) അരിയുടെ മുഴുവൻ വിലയും കേന്ദ്ര ഗവൺമെൻറിനാണ് നൽകുന്നത്. വർദ്ധിപ്പിച്ച വില, സംസ്ഥാന ഗവൺമെൻറിന് ലഭിക്കുന്നില്ല. അതുമൂലം സംസ്ഥാന ഗവൺമെൻറിന് അധിക വരുമാനമൊന്നും ലഭിച്ചിട്ടില്ല.

(എഫ്) 13-8-1983 ഒഴികെയുള്ള എല്ലാ വിലവർദ്ധനവും ഉണ്ടായിട്ടുള്ളത് കേന്ദ്ര ഗവൺമെൻറ് റേഷനരിയുടെ വിതരണ വില വർദ്ധിപ്പിച്ചതു മൂലമാണ്. 13-6-1983-ൽ ഉണ്ടായ വർദ്ധനവ് സംസ്ഥാന സർക്കാർ അഡീഷണൽ സെയിൽസ്ടാക്സ് 10 ശതമാനത്തിൽനിന്നും 15 ശതമാനമായി വർദ്ധിപ്പിച്ചതുമൂലമുണ്ടായിട്ടുള്ളതാണ്. 16-1-1984-ൽ 21 പൈസ വർദ്ധിപ്പിച്ചത് കേന്ദ്ര ഗവൺമെൻറ് വർദ്ധനവും വ്യാപാരികൾക്ക് അനുവദിച്ച കമ്മീഷൻ വർദ്ധനവും കണക്കിലെടുത്താണ്.

(ജി) 1981-ൽ നിലവിലുണ്ടായിരുന്ന ചില്ലറ വില്പന വില കോമൺ ഫൈൻ, സൂപ്പർഫൈൻ എന്നീ ഇനങ്ങളിലുള്ള അരിക്ക് കിലോഗ്രാമിന് യഥാക്രമം 1 രൂപ 96 പൈസ, 2 രൂപ 08 പൈസ, 2 രൂപ 23 പൈസ എന്നിങ്ങനെയായിരുന്നു. 1982 ജനുവരി ഒന്നിന് ഇതേ വിലതന്നെയാണ് നിലവിലുണ്ടായിരുന്നത്.

(എച്ച്) ഇല്ല. കേന്ദ്ര ഗവൺമെൻറ് വില വർദ്ധിപ്പിക്കുമ്പോൾ ആ വില സംസ്ഥാനത്തിനും ബാധകമാണ്.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

സൗജന്യ റേഷൻ നൽകാൻ വിസമ്മതിച്ച റേഷൻ കട ഉടമകൾ

* 49. [49] ശ്രീ. കെ. പി. എ. മജീദ് :
,, കെ. പി. രാമൻ :
,, പി. എം. അബൂബക്കർ :
,, പി. കെ. ബാവ :
,, നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കഴിഞ്ഞ ഓണത്തിന് സൗജന്യ റേഷൻ നൽകാൻ റേഷൻ ഷോപ്പുകാർ വിസമ്മതിച്ച സംഭവം സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത്തരം റേഷൻ ഷോപ്പ് ലൈസൻസികളുടെ മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ?

ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly